"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വന്യജീവി വകുപ്പിൽ പുതുതായി 6 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(കൈ) നം.3/2026/F&WLD തീയതി,തിരുവനന്തപുരം, 22-01-2026**

പരാമർശം :- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20.08.2025 - ലെ ഇ4-5040/2023 നമ്പർ കത്ത്.

**ഉത്തരവ്**

വനം-വന്യജീവി സംരക്ഷണം കൂടുതൽ കാര്യക്ഷമവും സുഗമവും ആക്കുന്നതിനും മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിനായി പരാമർശത്തിലെ കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിശദമായ ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടിസ്ഥാന സൗകര്യ ലഭ്യതയുള്ള കൊല്ലം സതേൺ സർക്കിൾ തിരുവനന്തപുരം ഡിവിഷനു കീഴിലുള്ള പാലോട് റെയിഞ്ചിലെ കല്ലാർ, കോട്ടയം ഹൈറേഞ്ച് സർക്കിൾ മാങ്കുളം ഡിവിഷന് കീഴിലുള്ള ആനക്കുളം റെയിഞ്ചിലെ ആനക്കുളം, പാലക്കാട് ഈസ്റ്റേൺ സർക്കിൾ പാലക്കാട് ഡിവിഷന് കീഴിലുള്ള വാളയാർ റെയിഞ്ചിലെ മലമ്പുഴ, കണ്ണൂർ നോർത്തേൺ സർക്കിൾ കോഴിക്കോട് ഡിവിഷന് കീഴിലുള്ള താമരശ്ശേരി റെയിഞ്ചിലെ ആനക്കാംപൊയിൽ, കണ്ണൂർ നോർത്തേൺ സർക്കിൾ കണ്ണൂർ ഡിവിഷന് കീഴിലുള്ള കൊട്ടിയൂർ റെയിഞ്ചിലെ കൊട്ടിയൂർ, കണ്ണൂർ നോർത്തേൺ സർക്കിൾ കാസർഗോഡ് ഡിവിഷന് കീഴിലുള്ള കാസർഗോഡ് റെയിഞ്ചിലെ ബന്തടുക്ക എന്നീ 6 സ്ഥലങ്ങളിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ പറയും പ്രകാരം തസ്തികകൾ ക്രമീകരിച്ചുകൊണ്ട് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ആകെ എണ്ണം | തസ്തികയുടെ സ്വഭാവം | റിമാർക്സ് |
|---|---|---|---|---|
| 1 | ഡെപ്യൂട്ടി റെയ്ഞ്ചർ | 6 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും ഒരു ഓഫീസറുടെ ചുമതല മാത്രം |

| | | | | |
|---|---|---|---|---|
| 2 | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 12 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും രണ്ട് ഓഫീസർമാർ മാത്രം |
| 3 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 54 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും 9 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ വീതം |
| 4 | ഫോറസ്റ്റ് വാച്ചർ | 18 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും 3 വീതം വാച്ചർമാർ |
| 5 | ഡ്രൈവർ | 6 | ദിവസവേതന താല്ക്കാലിക നിയമനം. (പ്രാദേശിക എംപ്ലോയ്മെന്റ് വഴി 179 ദിവസം വീതം രണ്ട് ടേമുകൾ. ആദ്യ ടേമിനു ശേഷം ഒരു ദിവസത്തെ ഇടവേള നല്കേണ്ടതാണ്. ശേഷം ആവശ്യമെങ്കിൽ പുതിയ നിയമത്തിനായി മുൻകൂട്ടി സമീപിക്കേണ്ടതാണ്) | ഓരോ സ്റ്റേഷനും ഒന്നു വീതം മാത്രം |
| 6 | കാഷ്വൽ സ്വീപ്പർ | 6 | ദിവസവേതന താല്ക്കാലിക നിയമനം (കുടുംബശ്രീ വഴി മാത്രം) | ഓരോ സ്റ്റേഷനും ഒന്നു വീതം മാത്രം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിൻഹാജ് അലം ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള,തിരുവനന്തപുരം

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ,തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം.3568 തീയതി 21.01.2026)
ധനകാര്യ (അഗ്രി-എ) വകുപ്പ് (Agri-A2/135/2025-Fin തീയതി 08.07.2025 പ്രകാരം)
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 23-01-2026 13:07:30
സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. - യ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 21-01-2026**

ഫയൽ നം. എഫ്2/62/2024/വനം. ഇനം നം: 3568

വിഷയം : വനം-വന്യജീവി വകുപ്പ് - വനം-വന്യജീവി വകുപ്പിൽ 6 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

3568

**കേരള സർക്കാർ**
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്2/62/2024/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വന്യജീവി വകുപ്പിൽ 6 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നത് – സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25.12.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. സൂസൻ ഗോപി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. മിൻഹാജ് ആലം |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.01.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.01.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 16.01.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 19.01.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം-വന്യജീവി സംരക്ഷണം കൂടുതൽ കാര്യക്ഷമവും സുഗമവും ആക്കുന്നതിനും മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും 6 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2. സംസ്ഥാനത്തൊട്ടാകെ 210 ഫോറസ്റ്റ് സ്റ്റേഷനുകൾ അടിയന്തരമായി ആവശ്യമാണെന്നാണ് വനം വകുപ്പ് കണക്കാക്കിയിട്ടുള്ളത്. 1988 മുതൽ നാളിതുവരെ കേരളത്തിൽ 126 ഫോറസ്റ്റ് സ്റ്റേഷനുകളാണ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നത്. വനം-വന്യജീവി സംരക്ഷണം കൂടുതൽ കാര്യക്ഷമവും സുഗമവുമാക്കുന്നതിനുവേണ്ടി കേരളമൊട്ടാകെ ഫോറസ്റ്റ് സ്റ്റേഷനുകൾ സാർവത്രികമാക്കുന്നതിന് ഇനിയും 84 ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി രൂപീകരിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 20 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

***" അടിസ്ഥാനസൗകര്യലഭ്യതയുള്ള 6 ഫോറസ്റ്റ് സ്റ്റേഷനുകൾ ചുവടെ ലഭ്യമാക്കിയിട്ടുള്ള പട്ടിക പ്രകാരം തസ്തികകൾ ക്രമീകരിച്ച് അനുവദിക്കാവുന്നതാണെന്ന് ഭ.വ നെ അറിയിക്കുന്നതോടൊപ്പം പ്രസ്തുത ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിനായി മന്ത്രിസഭായോഗ തീരുമാനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഇത് സംബന്ധിച്ച തുടർ ഉത്തരവുകൾ ധനവകുപ്പിന്റെ അറിവിലേക്കായി ലഭ്യമാക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.***

| ക്രമ നമ്പർ | തസ്തിക | ആകെ എണ്ണം | തസ്തികയുടെ സ്വഭാവം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഡെപ്യൂട്ടി റെയ്ഞ്ചർ | 6 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും ഒരു ഓഫീസറുടെ ചുമതല |

| | | | | |
|---|---|---|---|---|
| | | | | മാത്രം |
| 2 | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 12 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും രണ്ട് ഓഫീസർമാർ മാത്രം |
| 3 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 54 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും 9 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ വീതം |
| 4 | ഫോറസ്റ്റ് വാച്ചർ | 18 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും 3 വീതം വാച്ചർമാർ |
| 5 | ഡ്രൈവർ | 6 | ദിവസവേതന താല്ക്കാലിക നിയമനം. (പ്രാദേശിക എംപ്ലോയ്മെന്റ് വഴി 179 ദിവസം വീതം രണ്ട് ടേമുകൾ. ആദ്യ ടേമിനു ശേഷം ഒരു ദിവസത്തെ ഇടവേള നല്കേണ്ടതാണ്. ശേഷം ആവശ്യമെങ്കിൽ പുതിയ നിയമത്തിനായി ധന വകുപ്പിനെ മുൻകൂട്ടി സമീപിക്കേണ്ടതാണ്) | ഓരോ സ്റ്റേഷനും ഒന്നു വീതം മാത്രം |
| 6 | കാഷ്വൽ സ്വീപ്പർ | 6 | ദിവസവേതന താല്ക്കാലിക നിയമനം (കുടുംബശ്രീ വഴി മാത്രം) | ഓരോ സ്റ്റേഷനും ഒന്നു വീതം മാത്രം |

**ഇതിനു ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്. "**

4. ഇപ്രകാരം രൂപീകരിക്കേണ്ട 6 ഫോറസ്റ്റ് സ്റ്റേഷനുകളുടെ വിവരങ്ങൾ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫോറസ്റ്റ് സ്റ്റേഷന്റെ പേര് | റെയ്ഞ്ചിന്റെ പേര് | ഡിവിഷൻ & സർക്കിൾ |
|---|---|---|---|
| 1. | കല്ലാർ | പാലോട് | തിരുവനന്തപുരം ഡിവിഷൻ സതേൺ സർക്കിൾ, കൊല്ലം |
| 2. | ആനക്കുളം | ആനക്കുളം | മാങ്കുളം ഡിവിഷൻ ഹൈറേഞ്ച് സർക്കിൾ, കോട്ടയം |
| 3. | മലമ്പുഴ | വാളയാർ | പാലക്കാട് ഡിവിഷൻ, ഈസ്റ്റേൺ സർക്കിൾ, പാലക്കാട് |
| 4. | ആനക്കാംപൊയിൽ | താമരശ്ശേരി | കോഴിക്കോട് ഡിവിഷൻ, നോർത്തേൺ സർക്കിൾ, കണ്ണൂർ |
| 5. | കൊട്ടിയൂർ | കൊട്ടിയൂർ | കണ്ണൂർ ഡിവിഷൻ, നോർത്തേൺ സർക്കിൾ, കണ്ണൂർ |
| 6. | ബന്തടുക്ക | കാസർഗോഡ് | കാസർഗോഡ് ഡിവിഷൻ, നോർത്തേൺ സർക്കിൾ, കണ്ണൂർ |

5. ഒരു ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക പോലും പുതിയതായി രൂപീകരിക്കുന്ന ഫോറസ്റ്റ് സ്റ്റേഷനുകൾക്കുവേണ്ടി പുനഃവിന്യസിക്കുവാൻ കഴിയുന്നതല്ല എന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ, 6 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിച്ചു കൊണ്ടും, ധന വകുപ്പിന്റെ മറ്റു നിർദേശങ്ങൾ അംഗീകരിച്ചു കൊണ്ടും, 6 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, സ്റ്റേഷൻ ചുമതലയില്ലാത്ത ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ പുതുതായി രൂപീകരിക്കുന്ന സ്റ്റേഷനുകളിലേക്ക് കണ്ടെത്തേണ്ടതാണെന്നു നിർദ്ദേശിച്ചുകൊണ്ടു ധന വകുപ്പിന്റെ മുൻ നിലപാടിനു അനുസൃതമായി പുതിയ സ്റ്റേഷനുകൾ ആരംഭിക്കാവുന്നതാണ് എന്ന ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ നിർദേശം ബഹു. മുഖ്യമന്ത്രി അംഗീകരിക്കുകയുണ്ടായി.

6. തുടർന്ന് പുതിയ തസ്തികകൾ (Dy RO) സൃഷ്ടിക്കാതെ സ്റ്റേഷനുകൾ ആരംഭിച്ച് സ്റ്റേഷൻ ചുമതല ഇല്ലാത്ത ഡെപ്യൂട്ടി റേഞ്ച് ഓഫീസർമാർക്ക് സ്റ്റേഷൻ ചുമതല നൽകിയാൽ വനം വകുപ്പിന്റെ മറ്റു പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. എന്നിരുന്നാലും ഇപ്പോൾ ധനവകുപ്പ് അംഗീകരിച്ച പ്രകാരം ആറ് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വയ്ക്കാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രി മുഖേന സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

വനം-വന്യജീവി സംരക്ഷണം കൂടുതൽ കാര്യക്ഷമവും സുഗമവും ആക്കുന്നതിനും മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ധനകാര്യ വകുപ്പ് നല്കിയിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി മുകളിൽ ഖണ്ഡിക 4-ലെ പട്ടികയിൽ പറഞ്ഞ സ്ഥലങ്ങളിൽ ആറ് (6) ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കാമോ ?

**GOVERNMENT OF KERALA**
**(Sri Pinarayi Vijayan Ministry)**
Note for the Council of Ministers

| | | |
|---|---|---|
| 1 | File Number | F2/62/2024/FWLD |
| 2 | Department | Forest & Wildlife (F) Department |
| 3 | Subject | Creation of 6 new forest stations in Forest & Wildlife Department |
| 4 | Date of Chief Minister's order for placing before the Council | 25.12.2025 |
| 5 | (i) Does the case involve financial commitments/implications<br>(ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | Yes<br><br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Additional Secretary who submitted the Note | Smt. Susan Gopi |
| 8 | Name of Additional Chief Secretary who approved the Note | Sri. Minhaj Alam |
| 9 | Date of approval of the Note for the Council by the Additional Chief Secretary | 07.01.2026 |
| 10 | Name of Chief Secretary who approved the Note | Dr. A. Jayathilak |
| 11 | Date of approval of the Note for the Council by the Chief Secretary | 15.01.2026 |
| 12 | Name of Minister who approved the Note | Sri. A. K. Saseendran |
| 13 | Date of approval of the Note for the Council by the Minister | 16.01.2026 |
| 14 | Date of Submission of fair copies | 19.01.2026 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O/letter communicating the decision | |

## NOTE FOR THE COUNCIL OF MINISTERS

This note deals with the creation of 6 forest stations to make forest and wildlife conservation more efficient and smooth and to mitigate human-wildlife conflict.

**2.** The Forest Department has been estimated that 210 forest stations are urgently needed in the entire state. 126 forest stations have been established since 1988 and are functioning in Kerala so far. In order to make forest and wildlife conservation more efficient and smooth, 84 more forest stations need to be created to generalize forest stations throughout Kerala. As a first instance, the Additional Principal Chief Conservator of Forests(Admn) had been submitted a proposal for the creation of 20 forest stations.

**3.** In this matter, Finance Department opined as follows:

*"അടിസ്ഥാനസൗകര്യലഭ്യതയുള്ള 6 ഫോറസ്റ്റ് സ്റ്റേഷനുകൾ ചുവടെ ലഭ്യമാക്കിയിട്ടുള്ള പട്ടിക പ്രകാരം തസ്തികകൾ ക്രമീകരിച്ച് അനുവദിക്കാവുന്നതാണെന്ന് ഭ.വ നെ അറിയിക്കുന്നതോടൊപ്പം പ്രസ്തുത ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിനായി മന്ത്രിസഭായോഗ തീരുമാനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഇത് സംബന്ധിച്ച തുടർ ഉത്തരവുകൾ ധനവകുപ്പിന്റെ അറിവിലേക്കായി ലഭ്യമാക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.*

| ക്രമ നമ്പർ | തസ്തിക | ആകെ എണ്ണം | തസ്തികയുടെ സ്വഭാവം | റിമാർക്സ് |
|---|---|---|---|---|
| 1 | ഡെപ്യൂട്ടി റെയ്ഞ്ചർ | 6 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും ഒരു ഓഫീസറുടെ ചുമതല മാത്രം |

| | | | | |
|---|---|---|---|---|
| 2 | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 12 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും രണ്ട് ഓഫീസർമാർ മാത്രം |
| 3 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 54 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും 9 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ വീതം |
| 4 | ഫോറസ്റ്റ് വാച്ചർ | 18 | റീഡിപ്ലോയ്മെന്റ് | ഓരോ സ്റ്റേഷനും 3 വീതം വാച്ചർമാർ |
| 5 | ഡ്രൈവർ | 6 | ദിവസവേതന താല്ക്കാലിക നിയമനം. (പ്രാദേശിക എംപ്ലോയ്മെന്റ് വഴി 179 ദിവസം വീതം രണ്ട് ടേമുകൾ. ആദ്യ ടേമിനു ശേഷം ഒരു ദിവസത്തെ ഇടവേള നല്കേണ്ടതാണ്. ശേഷം ആവശ്യമെങ്കിൽ പുതിയ നിയമനത്തിനായി ധന വകുപ്പിനെ മുൻകൂട്ടി സമീപിക്കേണ്ടതാണ്) | ഓരോ സ്റ്റേഷനും ഒന്നു വീതം മാത്രം |
| 6 | കാഷ്വൽ സ്വീപ്പർ | 6 | ദിവസവേതന താല്ക്കാലിക നിയമനം (കുടുംബശ്രീ വഴി മാത്രം) | ഓരോ സ്റ്റേഷനും ഒന്നു വീതം മാത്രം |

*ഇതിനു ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."*

4. The details furnished by the Additional Principal Chief Conservator of Forests (Admn) regarding the creation of 6 Forest Stations

are as follows.

| Sl. No. | Name of the Forest Station | Name of the Range | Division & Circle |
|---|---|---|---|
| 1. | Kallar | Palode | Thiruvananthapuram Division, Southern Circle, Kollam. |
| 2. | Anakkulam | Anakkulam | Mankulam Division High Range Circle, Kottayam |
| 3. | Malampuzha | Walayar | Palakkad Division, Eastern Circle, Palakkad |
| 4. | Anakkampoil | Thamarasseri | Kozhikode Division, Northern Circle, Kannur |
| 5. | Kottiyoor | Kottiyoor | Kannur Division, Northern Circle, Kannur |
| 6. | Bandadukka | Kasaragod | Kasaragod Division, Northern Circle, Kannur |

**5.** Since the Additional Principal Chief Conservator of Forests has reported that not even a single post of Deputy Range Forest Officer cannot be redeployed for newly creating Forest Stations, and when the file was circulated for orders on the creation of 6 Forest Stations, by creating 6 posts of Deputy Range Officer and adhering to the other conditions of Finance Department, the Hon'ble Chief Minister has approved the suggestions of the Hon'ble Finance Minister that new stations can be started in accordance with the previous stand of the Finance Department, suggesting that Deputy Range Forest Officers without station charge should be found for the newly creating stations.

6. If the stations are started without creating new posts (Dy ROs) and the station charge given to the Deputy Range Officer who does not have station charge, will affect the other activities of the Forest Department. However, when the file was circulated to Hon'ble Chief Minister through the Hon'ble Minister for Forest & Wildlife for orders to place the matter of creating 6 new forest stations approved by the Finane Department before the council of ministers, and the Hon'ble Chief Minister has ordered to place the matter before the Council of Ministers.

## POINT FOR DECISION

Whether sanction may be accorded for creation of six (6) forest stations in the places as specified in the schedule under paragraph 4 above, subject to the conditions given by the Finance Department to make forest and wildlife conservation more efficient and smooth and to mitigate human-wildlife conflict?